# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1891 — 13.6.2019 ൽ മറുപടിക്ക്

## ആശ്രാമം ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. മുകേഷ്. | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| ആശ്രാമം ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രത്തിലെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് പൊതുജനഅവബോധത്തിനായി നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധത്തിനായുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൊല്ലം കോർപ്പറേഷൻ ബി.എം.സി പരിധിയിൽ വരുന്ന ആശ്രാമം കണ്ടൽ പ്രദേശത്തെ (ആശ്രാമം മൈതാനം ഒഴിവാക്കി) കേരളത്തിലെ പ്രഥമ ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രമായി 2019 ജൂൺ 5 ന് സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 2002 ലെ ജൈവ വൈവിദ്ധ്യ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രങ്ങളുടെ പരിപാലനത്തിനായി ജൈവ വൈവിദ്ധ്യ അതോറിറ്റിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ